LIBRARY ARCHIVES Kerala Legislative Assembly

(സി) വെട്ടിക്കുറച്ച ശമ്പളം വർദ്ധിപ്പിച്ച് കിട്ടുന്നതിന് അദ്ധ്യർത്ഥിച്ചുകൊണ്ട് പ്രസ്തുത അദ്ധ്യാപകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(ഡി) പ്രസ്തുത അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുമോ?

(സി&ഡി) വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

സമഗ്ര ശിക്ഷ കേരള പദ്ധതികൾ

175(4185) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ സമഗ്ര ശിക്ഷ കേരള പദ്ധതികൾക്ക് എത്ര തുകയാണ് കേന്ദ്രം വകയിരുത്തിയതെന്ന് വ്യക്തമാക്കുമോ?

73,363.34 ലക്ഷം രൂപ

(ബി) പ്രസ്തുത കാലയളവിൽ പദ്ധതിയിൽ എത്ര ശതമാനം തുക ചെലവഴിച്ചുവെന്നറിയിക്കാമോ;

9.34%

(സി) തദ്ദേശസ്വയം ഭരണ വിഹിതം ലഭിക്കേണ്ടത് എത്ര രൂപയെന്നും ലഭിച്ചത് എത്ര രൂപയെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

കിട്ടേണ്ടത് 20,177.76 ലക്ഷം രൂപ

ജില്ല	കിട്ടിയ തുക (ലക്ഷത്തിൽ)
തിരുവനന്തപുരം	202.02
കൊല്ലം	127
പത്തനംതിട്ട	63
ആലപ്പുഴ	125.21
കോട്ടയം	123.57
ഇടുക്കി	69.74
എറണാകുളം	150.61
തൃശ്ശൂർ	97.50
പാലക്കാട്	254.51
മലപ്പുറം	153.91

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട്	211.51
വയനാട്	35
കണ്ണൂർ	574.74
കാസർഗോഡ്	92.69
ആകെ	2,281.01

(ഡി) 2020-21 വർഷത്തിൽ യൂണിഫോം അലവൻസ് സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ജില്ലകൾക്ക് എത്ര രൂപ വീതം വിതരണം ചെയ്തുവെന്നറിയിക്കാമോ?

ഉണ്ട്.

ജില്ല	തുക (ലക്ഷത്തിൽ)
തിരുവനന്തപുരം	361.96
കൊല്ലം	220.04
പത്തനംതിട്ട	66.85
ആലപ്പുഴ	155.92
കോട്ടയം	70.93
ഇടുക്കി	78.7
എറണാകുളം	140.61
തൃശ്ശൂർ	143.3
പാലക്കാട്	292.13
മലപ്പുറം	647.85
കോഴിക്കോട്	266.12
വയനാട്	135.29
കണ്ണൂർ	153.14
കാസർഗോഡ്	218.08
ആകെ	2,950.92

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2021-22 വർഷത്തിൽ പഠന പരിപോഷണ പരിപാടിക്ക് പദ്ധതിയുണ്ടോ; എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. എന്നിവയ്ക്കുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

ഉണ്ട്. ഇതുമായി ബന്ധപ്പെട്ട് സമഗ്രശിക്ഷാ കേരള കഴിഞ്ഞ വർഷങ്ങളിൽ നടത്തിവന്നതും ഈ വർഷം തുടരുന്നതുമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പെരുവ ഗവ. സ്കൂളിലെ നിർമ്മാണ പ്രവൃത്തി

176(4186) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവ ഗവ. സ്കൂളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണവുമായി ബന്ധപ്പെട്ട് എൺപത്തിയെട്ട് ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് എസ്. പി. വി. ആയി നിശ്ചയിച്ചിട്ടുള്ള കൈറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയത് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കാണ് സമർപ്പിച്ചിട്ടുള്ളത്; ഫയൽ നമ്പർ ലഭ്യമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എ. ഡി. എഫിൽ നിന്നും അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് കളക്ടറേറ്റിൽ നിന്നും സാംഗ്ഷൻ ലഭിക്കുന്നതിന് തടസ്സമുണ്ടോ; ഒരിക്കൽ അനുമതി കിട്ടിയ വർക്കിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിന് വീണ്ടും ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; അറിയിക്കുമോ?

(എ&ബി) പെരുവ ഗവൺമെന്റ് സ്കൂളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 6.62 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. ടി സ്കൂളിന് 7,50,49,660 രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് കൈറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതി ഉത്തരവ് നൽകണമെന്നാവശ്യപ്പെട്ട് സർക്കാരിൽ കത്ത് നൽകിയിട്ടുണ്ട്. ആയത് എം2/266/2021/പൊ.വി.വ. എന്ന ഫയലിൽ പരിശോധനയിലാണ്.

സമഗ്ര ശിക്ഷാ കേരളം പദ്ധതി

177(4187) ശ്രീ. റ്റി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ രംഗത്ത് സമഗ്ര ശിക്ഷാ കേരളം പദ്ധതി വഴി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.